**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 855** **29-08-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സിവിൽ സർവീസ് പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സിവിൽ സർവീസ് പരിശീലനം നല്കുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; 30-06-2022 -ൽ ആദ്യബാച്ച് പരിശീലനം ആരംഭിക്കുമെന്നറിയിച്ചിരുന്നത് നടപ്പിലായോ എന്നറിയിക്കാമോ; | (എ) | സിവിൽ സർവീസ് പരീക്ഷാ പരിശീലനം നൽകുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ICSETS) എന്ന സ്വയംഭരണ സ്ഥാപനം വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചു വരുന്നു. സംസ്ഥാനത്തെ പ്രധാനപ്പെട്ട സിവിൽ സർവീസ് പരിശീലന കേന്ദ്രങ്ങളിൽ ചേർന്ന് പഠിക്കുന്നതിനായി ഈ സ്ഥാപനം വഴി ലക്ഷ്യ സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br><br>30.06.2022 മുതൽ 40 പട്ടികവർഗ വിഭാഗക്കാർക്കായി കേരള സർക്കാരിന്റെ സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള, തിരുവനന്തപുരത്തെ കേരള സിവിൽ സർവ്വീസ് അക്കാഡമിയിൽ ഒരു മാസത്തെ ഓറിയന്റേഷൻ ക്യാമ്പ് സംഘടിപ്പിച്ചിരുന്നു. ഇതിൽ നിന്നും 30 പരിശീലനാർത്ഥികളെ തിരഞ്ഞെടുക്കുകയും, അവർ തന്നെ തിരഞ്ഞെടുത്ത ഡൽഹി, ബാംഗ്ലൂർ, കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം, എന്നിവിടങ്ങളിലെ വിവിധ സിവിൽ സർവീസ് പരിശീലന കേന്ദ്രങ്ങളിൽ പരിശീലനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ആദ്യ ബാച്ചിനെ തെരഞ്ഞെടുത്ത നടപടിക്രമങ്ങൾ അറിയിക്കാമോ; എന്ത് മാനദണ്ഡമനുസരിച്ചാണ് പ്രസ്തുത ലിസ്റ്റ് തയാറാക്കിയതെന്ന് അറിയിക്കാമോ; തയ്യാറാക്കിയ പട്ടിക ലഭ്യമാക്കാമോ; | (ബി) | പട്ടികജാതി വികസനവകുപ്പ് പത്രപരസ്യം/ വെബ്സൈറ്റ് എന്നിവ മുഖേന പരസ്യം നൽകിയാണ് അപേക്ഷകൾ ക്ഷണിച്ചത്. പ്രവേശന പരീക്ഷ, ഇന്റർവ്യൂ എന്നിവ നടത്തിയാണ് പ്രവേശനത്തിന് അന്തിമ പട്ടിക തയ്യാറാക്കിയത്.<br><br>പട്ടികവർഗ്ഗ വികസനവകുപ്പ് സിവിൽ സർവ്വീസ് പരിശീലനത്തിന് താല്പര്യമുള്ള 30 വയസിന് താഴെ പ്രായമുള്ളവരും 50% ത്തിൽ കുറയാതെ മാർക്ക് നേടി ബിരുദം പൂർത്തിയാക്കിയവരും 2.50 ലക്ഷം |

| | | | |
|---|---|---|---|
| | | | രൂപ വരെ വാർഷിക വരുമാനമുള്ളവരുമായ പട്ടികവർഗ്ഗക്കാരിൽ നിന്നും, ബിരുദ പരീക്ഷയെഴുതി ഫലം കാത്തിരിക്കുന്നവരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചു കൊണ്ടുള്ള വിജ്ഞാപനം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ജില്ലാ ഓഫീസുകൾ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, എന്നിവർ മുഖേന പ്രചരണം നടത്തിയാണ് അപേക്ഷകൾ ക്ഷണിച്ചത്. ലഭ്യമായ അപേക്ഷകളിൽ നിന്നും മെരിറ്റ് അടിസ്ഥാനത്തിൽ തിരഞ്ഞെടുത്ത 40 പേർക്കാണ് ഒരു മാസം നീണ്ടു നിന്ന ഓറിയന്റേഷൻ ക്യാമ്പിൽ പ്രവേശനം നല്കിയത്. |
| (സി) | പ്രസ്തുത പരിശീലനപരിപാടികൾക്ക് തെരഞ്ഞെടുക്കാൻ പട്ടിക തയ്യാറാക്കിയത് ഏതുതരത്തിലുള്ള പരസ്യത്തിന്റെ അടിസ്ഥാനത്തിലാണെന്ന് അറിയിക്കാമോ; പകർപ്പ് ലഭ്യമാക്കാമോ? | (സി) | പട്ടികജാതി വികസന വകുപ്പ് പത്രപരസ്യം/ വെബ്സൈറ്റ് എന്നിവ മുഖേനയും പട്ടികവർഗ്ഗ വികസനവകുപ്പ് അപേക്ഷകൾ ക്ഷണിച്ചു കൊണ്ടുള്ള വിജ്ഞാപനം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ജില്ലാ ഓഫീസുകൾ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, ട്രൈബൽ പ്രമോട്ടർമാർ മുഖേന പ്രചരണം നടത്തിയാണ് അപേക്ഷകൾ ക്ഷണിച്ചത്. ആയതിന്റെ പകർപ്പുകൾ അനുബന്ധം - 1,2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം – I

ദേശാഭിമാനി

# ലക്ഷ്യ സ്കോളർഷിപ്പിന് അപേക്ഷിക്കാം

20/05/2022

തിരുവനന്തപുരം

പട്ടികജാതി– വർഗ വിഭാഗത്തിലുള്ളവർക്ക് സിവിൽ സർവീസ് പരിശീലനത്തിനായുള്ള 'ലക്ഷ്യ' സ്കോളർഷിപ്പിന് അപേക്ഷിക്കാം. യോഗ്യത ബിരുദം. പരീക്ഷയെഴുതിയവർക്കും അപേക്ഷിക്കാം. പ്രായപരിധി 20–36. പ്രവേശന പരീക്ഷയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിലാകും തെരഞ്ഞെടുപ്പ്. 30 പേർക്കാണ് സ്കോളർഷിപ്. തിരുവനന്തപുരം, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നിവിടങ്ങളിലായിരിക്കും പ്രവേശന പരീക്ഷ. www.icsets.org ൽ ജൂൺ 10നകം അപേക്ഷിക്കണം. ഫോൺ: 0471 2533272. ഇ–മെയിൽ: icsets@gmail.com.

സെക്ഷൻ ഓഫീസർ

13

പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം
4-ാം നില, വികാസ് ഭവൻ, തിരുവനന്തപുരം- 695 033
ഫോൺ: 0471-2304594, 0471-2303229. ഫാക്സ്: 0471-2302990. ഇ-മെയിൽ: keralatribes@gmail.com

നമ്പർ സി1-13218/21 തീയതി: 06-05-2022

## വിജ്ഞാപനം

### സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം അപേക്ഷ ക്ഷണിക്കുന്നു.

പട്ടികവർഗ യുവതീയുവാക്കളുടെ വിദ്യാഭ്യാസ ഉന്നമനം ലക്ഷ്യമാക്കി നിർദ്ദിഷ്ട യോഗ്യതയുള്ള നിശ്ചിത എണ്ണം വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരീക്ഷയ്ക്കാവശ്യമായ പരിശീലന പരിപാടിയിലേയ്ക്ക് തെരഞ്ഞെടുക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു.

അപേക്ഷകർ പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവരും 30 വയസ്സിന് താഴെയുള്ളവരും ബിരുദ പഠനത്തിൽ കുറഞ്ഞത് 50% മാർക്കോടു കൂടി കോഴ്സ് പൂർത്തീകരിച്ച് ഫലം കാത്തിരിക്കുന്നവരോ ആയിരിക്കണം. സെമസ്റ്റർ സമ്പ്രദായത്തിൽ ബിരുദപഠനം നടത്തിയവരാണെങ്കിൽ അവസാന സെമസ്റ്ററിന് തൊട്ടു മുൻപു വരെ ഫലം പ്രഖ്യാപിച്ചിട്ടുള്ള സെമസ്റ്റർ പരീക്ഷകളിലെല്ലാം നിശ്ചിത ശതമാനം മാർക്കോടെ വിജയിച്ചിരിക്കണം. കുടുംബവാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ അധികരിക്കാൻ പാടില്ല.

നിശ്ചിത യോഗ്യതയുള്ള പരമാവധി 40 പേർക്ക് പൂർണമായും മികവിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടത്തിൽ പ്രവേശനം നൽകുന്നതും തുടർന്ന് നടക്കുന്ന ഒരു മാസ ദൈർഘ്യമുള്ളതും താമസ ഭക്ഷണ സൗകര്യത്തോടെയുള്ളതും തിരുവനന്തപുരത്തു നടക്കുന്ന സംസ്ഥാന തലത്തിലുള്ള ഓറിയന്റേഷൻ ക്യാമ്പിൽ പങ്കെടുക്കാവുന്നതുമാണ്. സിവിൽ സർവ്വീസിന് ആവശ്യമായ പ്രത്യേക നൈപുണ്യ പരിശീലനം ഈ കോഴ്സിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഓറിയന്റേഷൻ കോഴ്സിന് ശേഷം നടക്കുന്ന സ്ക്രീനിംഗ് ടെസ്റ്റിനും ഇന്റർവ്യുവിനും ശേഷം തെരഞ്ഞെടുക്കപ്പെടുന്ന പരമാവധി 20 മത്സരാർത്ഥികൾക്ക് കേരളത്തിലോ, കേരളത്തിനു പുറത്തോ ഉള്ള തെരഞ്ഞെടുക്കപ്പെട്ട കോച്ചിംഗ് സ്ഥാപനങ്ങളിൽ ഒരു വർഷ കോഴ്സിന് ചേർന്ന് പഠിക്കുന്നതിനുള്ള അവസരം നൽകുന്നതുമായിരിക്കും.

തെരഞ്ഞെടുക്കപ്പെടുന്നവർക്കുള്ള യാത്രചെലവ് (Train) കോഴ്സ് ഫീ, താമസം, ഭക്ഷണം ഉൾപ്പെടെയുള്ള ചെലവ് പോക്കറ്റ് മണി ഉൾപ്പെടെ വകുപ്പിൽ നിന്നും നൽകുന്നതായിരിക്കും.

പ്രിലിമിനറി പരീക്ഷയ്ക്കു വേണ്ടി കേരളത്തിലോ, കേരളത്തിന് പുറത്തും ഉള്ള സ്ഥാപനത്തിൽ ഒരു വർഷത്തെ അല്ലെങ്കിൽ പ്രിലിമിനറി പരീക്ഷാഫലം വരുന്നതുവരെ (ആവശ്യമായി വരുന്ന പക്ഷം ആയത് പരമാവധി 2 വർഷം വരെ) താമസസൗകര്യം അനുവദിച്ചു നൽകുന്നതായിരിക്കും.

മേൽ പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ള അർഹരായവർ പേര്, ഇതോടൊപ്പമുള്ള അപേക്ഷാഫോമിൽ രേഖപ്പെടുത്തി യോഗ്യതാ പരീക്ഷയുടെ സർട്ടിഫിക്കറ്റിന്റേയും ജാതി വരുമാന സർട്ടിഫിക്കറ്റുകളുടെയും പകർപ്പുകൾ സഹിതം പട്ടികവർഗ വികസന വകുപ്പിന്റെ ഡയറക്ടറേറ്റിൽ 01/06/22 തീയതി 5.00 മണിക്ക് മുമ്പായി നേരിട്ടോ തപാൽ മാർഗമോ ലഭ്യമാക്കേണ്ടതാണ്. നിശ്ചിത സമയത്തിനകം ലഭിക്കാത്തതും ആവശ്യമായ രേഖകൾ ഇല്ലാത്തതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല. യോഗ്യരായ പട്ടികവർഗ യുവതി യുവാക്കൾ ഈ അവസരം പ്രയോജനപ്പെടുത്തണമെന്ന് പട്ടികവർഗ വികസന വകുപ്പ് ഡയറക്ടർ അറിയിക്കുന്നു.

<u>അപേക്ഷകൾ അയയ്ക്കേണ്ട വിലാസം</u>

ഡയറക്ടർ
പട്ടികവർഗ വികസന വകുപ്പ്
4-ാം നില, വികാസ് ഭവൻ,
തിരുവനന്തപുരം -695 033

വിശ്വസ്തതയോടെ,
(ഒപ്പ്/-
ഡയറക്ടർ

ആജ്ഞാനുസരണം

ബിപിൻദാസ്. വൈ
അസിസ്റ്റന്റ് ഡയറക്ടർ (വിദ്യാഭ്യാസം)

MB. 6.5.22

സെക്ഷൻ ഓഫീസർ.